## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3180** **11.05.2017 ൽ മറുപടിക്ക്.**

## കുടിശ്ശിക നികുതി

| ചോദ്യം<br>ശ്രീ.കെ.ഡി.പ്രസേനൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക നികുതി പിരിച്ചെടുക്കാൻ എന്തെങ്കിലും ഊർജ്ജിത ശ്രമം നടത്തുന്നുണ്ടോ; | (എ) | വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>വാണിജ്യ നികുതി വകുപ്പ്<br>KGST, VAT, AIT, Luxury Tax എന്നീ ഇനങ്ങളിലുള്ള നികുതി കുടിശ്ശികകൾ പരമാവധി പിരിച്ചെടുക്കുന്നതിനായി പലിശ, പിഴ, പിഴപലിശ എന്നിവയിൽ ഇളവു നൽകിക്കൊണ്ടുള്ള ആംനസ്റ്റി പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.<br>കേരളാ ഫിനാൻസ് ആക്ട് 2016 പ്രകാരം പ്രഖ്യാപിച്ചിരുന്ന 2016 മാർച്ച് 31 വരെ പൂർത്തിയാക്കിയ KGST അസ്സ്സെസ്മെന്റ് പ്രകാരമുള്ള കുടിശ്ശിക തീർപ്പാക്കുവാനുള്ള കാലാവധി 28.02.2017 ൽ നിന്നും 31.12.2017 വരെയാക്കി ദീർഘിപ്പിച്ചിട്ടുണ്ട്.<br>വാറ്റ് ആംനസ്റ്റി പദ്ധതി പ്രകാരം 2005-06 മുതൽ 2010-11 വരെയുള്ള നികുതി കുടിശ്ശിക പൂർണ്ണമായും അടച്ചാൽ കുടിശ്ശികയുടെ പലിശയും പിഴ തുകയുടെ 70 ശതമാനവും പിഴയുടെ പലിശയും ഇളവ് ചെയ്യുന്നതാണ്. ഈ കാലയളവിലെ കേന്ദ്ര വില്പന നികുതി പ്രകാരമുള്ള കുടിശ്ശികകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി തീർപ്പാക്കാവുന്നതാണ്. ഈ പദ്ധതിയ്ക്കായി അപേക്ഷിക്കാവുന്ന അവസാന തീയതി 2017 ജൂൺ 30 ഉം പദ്ധതി പ്രകാരം കണക്കാക്കിയ നികുതി കുടിശ്ശിക തുല്യ ഗഡുക്കളായി അടയ്ക്കേണ്ടുന്ന അവസാന തീയതി 2017 ഡിസംബർ 31 ഉം ആണ്.<br>കാർഷികാദായ നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിലുള്ള 2010-11 വരെയുള്ള നികുതി കുടിശ്ശിക പൂർണ്ണമായും അടച്ചാൽ കുടിശ്ശികയുടെ പലിശയും പിഴതുകയുടെ 70% ഉം ഇളവു ചെയ്യുന്നതാണ്.<br>കൂടാതെ മുൻ സർക്കാരിന്റെ കാലത്തു നൽകിയിരുന്ന എല്ലാ സർക്കാർ സ്റ്റേകളും റദ്ദാക്കുകയും വാണിജ്യ |

| | | | |
|---|---|---|---|
| | | | നികുതി അപ്പലേറ്റ് അധികാരിയുടെ മുൻപാകെ ഫയൽ ചെയ്യപ്പെട്ട അപ്പീലുകൾ എത്രയും വേഗം തീർപ്പാക്കുന്നതിനായി അത്തരം അപ്പലേറ്റ് അധികാരികളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>ഇതോടൊപ്പം എല്ലാ ജില്ലകളിലും ഉദ്യോഗസ്ഥരുടെ മീറ്റിംഗ് വിളിച്ചുകൂട്ടുകയും ടി മീറ്റിംഗുകളിൽ നൽകിയ നിർദ്ദേശത്തിന്റെ ഭാഗമായി റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും തുടർന്നു വരുന്നു. ജില്ലകൾ തോറും ഇതിനായി ഉദ്യോഗസ്ഥരുടെ പ്രത്യേക ടീമുകളെയും രൂപീകരിച്ചിട്ടുണ്ട്.<br><br><u>ലാന്റ് റവന്യൂ വകുപ്പ്</u><br>റവന്യൂ വകുപ്പ് പ്രധാനമായും പിരിച്ചെടുക്കുന്നത് ലാന്റ് റവന്യൂ ഇനങ്ങളും, റവന്യൂ റിക്കവറി ഇനങ്ങളുമാണ്. കേരളാ റവന്യൂ റിക്കവറി ആക്ട് 1968 പ്രകാരം വകുപ്പുകൾ/ സ്ഥാപനങ്ങൾക്ക് കുടിശ്ശികയായി ലഭിക്കുവാനുള്ള തുകകൾ അർത്ഥനകളുടെ അടിസ്ഥാനത്തിൽ കുടിശ്ശികക്കാരനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് പിരിച്ചെടുക്കുന്നു.<br><br><u>മോട്ടോർ വാഹന വകുപ്പ്</u><br>മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ എല്ലാ ബുധനാഴ്ചയും നികുതി പിരിവ് പ്രവർത്തനത്തിന് മാത്രമായി വേർതിരിച്ച് ഡിമാന്റ് നോട്ടീസുകൾ അയയ്ക്കുക, റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക, തുടങ്ങിയ ജോലികൾ ചെയ്തു വരുന്നുണ്ട്. കൂടാതെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br><br><u>രജിസ്ട്രേഷൻ വകുപ്പ്</u><br>01.01.1986 മുതൽ 31.03.2010 വരെ കുടിശ്ശിക ഉണ്ടായിരുന്ന അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി നികുതി വകുപ്പിന്റെ 21.07.2016-ലെ ജി.ഒ(പി )നം.74/16/റ്റി.ഡി ഉത്തരവ് പ്രകാരവും, ഫ്ലാറ്റുകളുടെ അണ്ടർ വാല്യുവേഷൻ കുടിശ്ശിക തീർപ്പാക്കുവാനായി 21.07.2016 ലെ ജി.ഒ(പി)നം.75/16/റ്റി.ഡി ഉത്തരവ് പ്രകാരവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽ വരുത്തി. |

| | | | |
|---|---|---|---|
| | | | എക്സൈസ് വകുപ്പ്<br>എക്സൈസ് വകുപ്പ് വഴി നൽകുന്ന എല്ലാ ലൈസൻസുകളും പെർമിറ്റുകൾക്കും മുൻകൂറായി ഫീസ്/നികുതി ഈടാക്കിയ ശേഷമാണ് അനുമതി നൽകുന്നത്. ആയതിനാൽ എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട് നിലവിൽ നികുതി കുടിശ്ശിക ഉണ്ടാകുന്നില്ല. എന്നാൽ ചാരായ ഷാപ്പുകളും കള്ള് ഷാപ്പുകളും ലൈസൻസ് സ്ഥാപനങ്ങളും നടത്തി കിസ്റ്റ് തുകയും ലൈസൻസ് ഫീയും അടയ്ക്കാൻ ലൈസൻസി മുടക്കം വരുത്തിയ ഇനത്തിൽ വളരെ കാലമായി നിലനിൽക്കുന്ന അബ്കാരി കുടിശ്ശികയുമായി ബന്ധപ്പെട്ട് റവന്യൂ റിക്കവറി നടപടികൾ നടന്നു വരുന്നതും പല കേസുകളിലും ടിയാൻമാരുടെ വസ്തുവകകൾ ബോട്ട്- ഇൻ-ലാന്റ് ആയി സർക്കാർ ഏറ്റെടുത്തിട്ടുള്ളതുമാണ്. |
| (ബി) | കുടിശ്ശിക നികുതി എത്ര കോടി രൂപയെന്നാണ് നികുതി വകുപ്പ് കണക്കാക്കിയിട്ടുള്ളത്? | (ബി) | വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>വാണിജ്യ നികുതി വകുപ്പിൽ 31.03.2017 വരെയുള്ള കുടിശ്ശിക നികുതി 7582.38 കോടി രൂപയാണ്.<br>ലാന്റ് റവന്യൂ വകുപ്പിൽ 2016-17 സാമ്പത്തിക വർഷത്തെ മുതൽ പിരിവ് ബാക്കി കണക്കു പ്രകാരം ലാന്റ് റവന്യൂ, റവന്യൂ റിക്കവറി ഇനങ്ങളിൽ യഥാക്രമം 163.51 കോടി രൂപയും, 2160.76 കോടി രൂപയും കുടിശ്ശികയായി വന്നിട്ടുണ്ട്.<br>31.12.2016 വരെയുള്ള കണക്കനുസരിച്ച് മോട്ടോർ വാഹന വകുപ്പിന്റെ നികുതി കുടിശ്ശിക 1710 കോടി രൂപയാണ്. ഇതിൽ കെ.എസ്.ആർ.ടി.സിയുടെ കുടിശ്ശിക 1389.28 കോടി രൂപയും വകുപ്പിന് മാത്രമായുള്ള കുടിശ്ശിക 320.71 കോടി രൂപയും ആണ്.<br>രജിസ്ട്രേഷൻ വകുപ്പിൽ 2017 മാർച്ച് വരെ അണ്ടർ വാല്യുവേഷൻ ഇനത്തിൽ ഏകദേശം 28.24 കോടി രൂപ പിരിച്ചെടുക്കാനുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ട്.<br>അബ്കാരി കുടിശ്ശിക ഇനത്തിൽ നിലവിലുള്ള തുക 62,29,66,186/- (മുതൽ) രൂപയാണ്. കാലാകാലങ്ങളിൽ കണക്കാക്കുന്ന പലിശ കൂടി ചേരുമ്പോൾ നിലവിൽ 243 കോടി രൂപയോളം അബ്കാരി കുടിശ്ശികയായി നിലനിൽക്കുന്നു. |

സെക്ഷൻ ഓഫീസർ